# ബഹുമാന്യനായ ഉറുമ്പ്
## The Respected Ant

ARTS & SCIENCE COLLEGE LIBRARY
KARTHALA-679571
Acc No: 3673
MARKAZ CAMPUS, ATHAVANAD

സാഹിദ് പയ്യന്നൂർ

**The Respected Ant**

*by:*

Sahid Payyanur

*Editing*

Safvan Mattathur, Muneer GVK,

Haris abdul Majeed, Muhsina TP

*Layout*

Ashiq Ali Thiruvegappura

*Cover Design*

Arif Balaramapuram

*Publishers*

Tijaniyya Books

First Edition 2019

©Author

**Rs. 50**

## സാഹിദ് പയ്യന്നൂർ

കാസർഗോഡ് ജില്ലയിലെ പുണ്ടൂരിൽ ജനനം. പിതാവ് അബ്ദുൽ ഖാദർ ഹാജി.മാതാവ് ഫാത്വിമ. ഭാര്യ മിർഷാന. മകൾ ആയിഷത്ത് സ്വിദ്ധീഖ. സഹോദരങ്ങൾ മുഹമ്മദ് സാജിദ്, മുഹമ്മദ് റാഷിദ്, ആയിഷത്ത് സാഹിദ.
പയ്യന്നൂർ എ.ഡബ്ലിയു.എച്ച് കോളേജിൽ നിന്ന് മന:ശാസ്ത്രത്തിൽ ബിരുദവും പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. പയ്യന്നൂർ എ.ഡബ്ലിയു.എച്ച് കോളേജിലെ മന:ശാസ്ത്ര അധ്യാപകൻ; വകുപ്പ് തലവൻ, പരിയാരം നഴ്സിങ്ങ് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസർ, ചൈതന്യ ഡി അഡിക്ഷൻ സെന്ററിലെ കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. ഇപ്പോൾ യുനൈറ്റഡ് ഹോസ്പിറ്റൽ കാസർഗോഡ്, മുകുന്ദ ഹോസ്പിറ്റൽ പയ്യന്നൂർ എന്നിവിടങ്ങളിൽ സൈക്കോളജിസ്റ്റായും മർകസ് ആർട്സ് & സയൻസ് കോളേജിലെ വകുപ്പ് തലവനായും പ്രവർത്തിക്കുന്നു. സ്വപ്നങ്ങളുടെ ആത്മാവ് എന്ന പുസ്തകത്തിന്റെ രചയിതാവാണ്.

വിലാസം
തായൽ ഹൗസ്, പി ഒ നെക്രാജെ, പുണ്ടൂർ
കാസർഗോഡ് 672543
ഇമെയിൽ sahidpundoor@gmail.com
ഫോൺ: 9567278363

## ബിസ്മില്ലാഹ്

സർവ്വ സൃഷ്ടികളുടെയും പരിപാലകനായ അല്ലാഹുവെ, നിന്നെ ഞാൻ സ്തുതിക്കുന്നു. ഏറ്റവും നല്ല യജമാനനും സഹായിയും നീയാണ്. മനുഷ്യകുലത്തിന്റെ മാർഗ്ഗദർശിയും രക്ഷകരും ലോകത്തിനാകമാനം അനുഗ്രഹമുമായ മുഹമ്മദ് (സ) യുടെ പേരിൽ സ്വലാത്തും സലാമും വർഷിക്കുന്നു. സ്വന്തം ആത്മാക്കളെ സംസ്കരിച്ച് ജേതാക്കളാവുകയും സഹോദരങ്ങൾക്ക് സദുപദേശങ്ങൾ നൽകി ഗുണമേകുകയും ചെയ്ത പ്രവാചക കുടുംബത്തിന്റെയും അനുചരന്മാരുടേയും പേരിൽ ഞാൻ സ്വലാത്തും സലാമും അർപ്പിക്കുന്നു. അല്ലാഹുവെ, നീ ഞങ്ങളെ അവരുടെ കൂട്ടത്തിൽ ചേർക്കണമേ...

## അവതാരിക

'ഉറുമ്പ് കടിക്കുന്ന വേദനയേ ഉള്ളൂട്ടോ...'
ഇഞ്ചക്ഷൻ ഭയന്ന് കരയുമ്പോൾ നഴ്സ് പറഞ്ഞ വാക്ക് ഇപ്പോഴും മറന്നിട്ടില്ല. 'അതൊരുറുമ്പിന്റെത്രേയുള്ളൂ..'

നമ്മൾ പലപ്പോഴും ഉപയോഗിക്കാറുണ്ട് ഈ വാക്കുകൾ. ഏതൊരു ചെറിയ സാധനത്തിനും ഉപമക്കായി പടക്കപ്പെട്ട ജീവിയായി കഴിയാനാണ് ഉറുമ്പിന്റെ വിധി എന്നുതോന്നും നമ്മുടെ ഈ പ്രയോഗങ്ങൾ കേട്ടാൽ.

എന്നാൽ ഉറുമ്പ് കേവലം ഒരു ചെറിയ ജീവി എന്നതിലപ്പുറം ഒരു അത്ഭുതജീവിയാണെന്ന സത്യം നമ്മൾ മനസ്സിലാക്കാറില്ല. പ്രിയ സുഹൃത്തും സൈക്കോളജിസ്റ്റുമായ സാഹിദ് പയ്യന്നൂർ ഉറുമ്പുകളെ കുറിച്ച് ഒരു പുസ്തകമെഴുതുന്നുണ്ടെന്നറിഞ്ഞപ്പോൾ കൗതുകവും സന്തോഷവുമുണ്ടായിരുന്നു. പക്ഷെ, അതിന് അവതാരിക എഴുതാൻ വിനീതനോടാവശ്യപ്പെട്ടപ്പോൾ സത്യത്തിൽ ഞാനൊന്ന് പരുങ്ങി. എന്തെഴുതണം എന്ന ആലോചനയ്ക്ക് വിരാമമായി എനിക്കു മുന്നിൽ തെളിഞ്ഞ ആദ്യത്തെ ഉത്തരം സൂറത്തുനംല് ആയിരുന്നു.

ഥാസീൻ ഖുർആനിലെ അതായത് വിഷയങ്ങൾ വ്യക്തമാക്കുന്ന വേദത്തിലെ വാക്യങ്ങളത്രേ ഇവ. നിസ്ക്കാരം 'യഥായോഗ്യം നിർവ്വഹിക്കുകയും, സകാത് കൊടുക്കുകയും പാരത്രിക ജീവിതത്തിൽ ദൃഢവിശ്വാസം വെച്ച് പുലർത്തുകയും ചെയ്യുന്ന സത്യ വിശ്വാസികൾക്ക് മാർഗ്ഗദർശനവും ശുഭവാർത്തയുമത്രേ ഇത്.'(സൂറത്തു അന്നംല് 13 )
വിശ്വാസികൾക്ക് മാർഗ്ഗദർശനമാണെങ്കിൽ അതിൽ പ്രതിപാദിച്ച ഒരോ വാക്കിലും പാഠമുൾകൊള്ളാനുണ്ടാകും. അതെ, നംല് (ഉറുമ്പ്) എന്ന് ഈ അധ്യായത്തിന് പേര് നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത്രയും അത്ഭുതകരമായ രഹസ്യങ്ങളുണ്ടാവും.(അല്ലാഹു അഅലം)

വിശുദ്ധമായ ഈ അധ്യായത്തിൽ ഉൾകൊണ്ട ചരിത്ര സംഭവങ്ങളുടെ അടിസ്ഥാനത്തിലാണോ പേര് വെക്കപ്പെട്ടത് എന്നു ഒരുപക്ഷെ

നമുക്ക് തോന്നാം. എന്നാൽ സൂറത്തു നംല് നാം പരിശോധിച്ചാൽ, മൂസ(അ), സ്വാലിഹ് (അ)(അ), ലൂത്ത് (അ) എന്നീ മഹാപ്രവാചകന്മാരുടെയും അവരുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും വിവരണങ്ങൾ ഈ സൂറത്തിൽ നാം കണ്ടെത്തും.ഉറുമ്പ് കടന്നു വരുന്നത്, സുലൈമാൻ നബി(അ)യുമായി ബന്ധപ്പെട്ട ഒരു സംഭവത്തിലാണ്. എന്നാൽ അതേ ഭാഗത്തിൽ തന്നെ മരംകൊത്തി പക്ഷിയെയും ഇഫ്രീത്ത് ജിന്നിനേയും പ്രതിപാദിക്കുന്നുണ്ട്. എന്നിട്ടും നംല്(ഉറുമ്പ്) എന്ന പേര് തെരഞ്ഞെടുക്കപ്പെടണമെങ്കിൽ അതിനെന്തോ രഹസ്യം ഉണ്ടാകുമല്ലോ. മനുഷ്യർക്ക് പാഠമുൾക്കൊള്ളാൻ ഉറുമ്പെന്ന കൊച്ചു സൃഷ്ടിയിൽ സൃഷ്ടാവ് അത്ഭുതങ്ങളൊളിപ്പിച്ചതു കൊണ്ടാകാം ഒരുപക്ഷെ അങ്ങനെയൊരു പേര് ആ സൂറത്തിനു നൽകാൻ കാരണം.ഇതിനെ കുറിച്ച് ഒന്നിരുന്നു ചിന്തിച്ചപ്പോൾ നൂറായിരം ആശയങ്ങൾ മനസ്സിൽ വന്നു നിറഞ്ഞു. മനസ്സിന്റെ ഈ മന്ത്രണങ്ങൾക്ക് ആശ്വാസം ലഭിക്കാൻ ഞാൻ സൂറത്തു നംലിന്റെ പതിനെട്ടാമത്തെ ആയത്തിന്റെ തഫ്സീറുകൾ വായിച്ചു തുടങ്ങി. അതിപ്രകാരമായിരുന്നു.

'അങ്ങനെയവർ ഉറുമ്പുകളുടെ താഴ്വരയിലെത്തിയപ്പോൾ ഒരുറുമ്പ് വിളിച്ചു പറഞ്ഞു; ഹേ ഉറുമ്പുകളെ നിങ്ങൾ സ്വഗേഹങ്ങളിൽ കടന്ന് കൊള്ളൂ... തങ്ങളറിയാത്ത വിധം സുലൈമാൻ നബിയും സേനയും നിങ്ങളെ ചവിട്ടിയരക്കാതിരിക്കട്ടേ..'

രംഗം ഗംഭീരമാണ്, മഹാസൈന്യവുമായി അല്ലാഹുവിന്റെ അരുമയായ പ്രവാചകർ, ദാവൂദ് നബി (അ) മിന്റെ പ്രിയ പുത്രർ, ലോകം കണ്ട ചക്രവർത്തി സുലൈമാൻ നബി (അ) കടന്നു വരുകയാണ്. ഈ പടയണി കടന്നു വരുന്ന വഴിയിലാണ് ഒരു ഉറുമ്പിൻ സമൂഹം പാർക്കുന്നതും. സുലൈമാൻ നബിയുടെ (അ) പടയുടെ കാൽച്ചുവട്ടിൽ പെട്ടു ജീവനൊടുങ്ങും എന്നു മനസ്സിലാക്കിയ ഒരു ഉറുമ്പ് തന്റെ സമുദായത്തെ ഉണർത്തുകയാണ്.. അല്ലയോ സമുദായമേ, പടയണി വരുന്നു, രക്ഷ തേടിയാലും.

ഉറുമ്പിന്റെ ആഹ്വാനം വെറുതെയായില്ല.. അല്ലാഹു ഈ വൃത്താന്തം സുലൈമാൻ നബി (അ) മിനു അറിയിച്ചു കൊടുക്കുകയും തന്റെ പടയണിയെ സുലൈമാൻ നബി (അ) വഴിതിരിച്ചു വിടുകയും ചെയ്തു..നോക്കുക, അല്ലാഹുവിന്റെ ദൃഷ്ടിയിൽ നാം നിസാരരായി കാണുന്ന ഉറുമ്പിന്റെ ജീവന് പോലും എന്തൊരു വിലയാണ്.

ഒരു നിമിഷം നാം ഇവിടെ ഒന്നു നിറുത്തി ചിന്തിക്കുക.ഉറുമ്പിനെ കുറിച്ച് പറയപ്പെട്ട ഒരു ആയത്തിൽ നിന്ന് തന്നെ ആ കുഞ്ഞു ജീവിക്ക് അല്ലാഹു നൽകിയ കഴിവുകളും കൂടെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. നോക്കുക, ആദ്യമായി സുലൈമാൻ നബിയും (അ) സൈന്യവും വരുന്നുണ്ട് എന്ന വിവരം ഒരുറുമ്പിന് ലഭിക്കുന്നു. സൈന്യത്തിന്റെ കാലുകൾക്കിടയിൽ പെട്ടാലുണ്ടാകുന്ന ആപത്തിനെ മുൻകൂട്ടി മനസ്സിലാക്കുന്നു. വരാനിരിക്കുന്ന ആപത്തിനെ തൊട്ട് തന്റെ കൂടെയുള്ളവർക്ക് മുന്നറിയിപ്പ് നൽകുന്നു. രക്ഷപ്പെടാനുള്ള നിർദേശം നൽകുന്നു. ബുദ്ധിപരമായി മനുഷ്യന്റെ പ്രവർത്തനങ്ങളോട് കിടപിടിക്കുന്ന പ്രവർത്തനങ്ങൾ തന്നെയല്ലേ ഇതും..!!!അന്ന് നടന്ന പോലെ ഇന്നും നമ്മുടെ ഉറുമ്പുകൾ ഇതൊക്കെ ചെയ്യുന്നുണ്ട്.ഇതു മാത്രമോ?, നാം മനസ്സിൽ പോയിട്ട് മാനത്തു പോലും കാണാത്ത മറ്റുനേകം ഉപായങ്ങളും രീതികളും തന്ത്രങ്ങളും ഇവർക്ക് വഴങ്ങും. ലെന്സ് വച്ചു നോക്കിയാൽ പോലും കാണാൻ പ്രയാസമായ കുഞ്ഞൻ തലച്ചോറിൽ താൻ ഇൽഹാമായി വിളമ്പികൊടുത്ത അധ്യാപനങ്ങളെ കൊണ്ടു എന്തൊക്കെയാണ് അല്ലാഹു കുഞ്ഞുറുമ്പുകളെ കൊണ്ട് ചെയ്യിക്കുന്നത്. സുബ്ഹാനല്ലാഹ്...

ചുരുക്കത്തിൽ ഏതൊരു പടപ്പിനും അവയുടെ ജീവിത വ്യവസ്ഥക്കനുകൂലമായ നന്മകൾ തിരിച്ചറിയാനുള്ള ബുദ്ധിയും പരസ്പരം ആശയവിനിമയം നടത്താനുള്ള സൗകര്യങ്ങളും അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്.ഉറുമ്പുകൾ മാത്രമല്ല, ഖുർആനിൽ പരാമർശിക്കപ്പെട്ട തേനീച്ചയും ചിലന്തിയുമൊക്കെ റബ്ബിന്റെ കോടാനുകോടി പടപ്പുകളും ചിന്തിക്കുന്ന മനുഷ്യന് പാഠപുസ്തകങ്ങളാണ്. അവകളെല്ലാം നമ്മെ പോലെ ഒരു സമൂഹമായി ജീവിക്കുകയാണ്. അവയ്ക്ക് അവയുടെ പ്രത്യേക ജീവിതവ്യവസ്ഥ അല്ലാഹു നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. ഭൂതലത്തിലുള്ള ഏതൊരു ജീവിയും ഇരുചിറകുകളുമായി പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെ പോലെയുള്ള ചില സമൂഹങ്ങൾ തന്നെയാണ് എന്നു വിശുദ്ധ ഗ്രന്ഥം നമ്മെ സൂറത്തുൽ അൻആമിലെ മുപ്പത്തിയെട്ടാം ആയത്തിലൂടെ പഠിപ്പിക്കുന്നു.

മനുഷ്യനും ഇതേ സമുദായങ്ങളിൽ പെട്ട ഒരു സമുദായമെത്രെ. അല്ലാഹുവിന്റെ ബോധനം ഒന്നുകൊണ്ടു മാത്രം മാർഗദർശനം ലഭിക്കപ്പെട്ട മറ്റു ജീവിവർഗ്ഗങ്ങളിൽ നിന്നും നാം പാഠം പഠിക്കാനും ദൃഷ്ടാന്തം ഉൾക്കൊള്ളാനും വേണ്ടിയത്രെ ഈ ജൈവ ലോകമൊക്ക

യും പടക്കപ്പെട്ടിട്ടുള്ളത്.എത്രയോ ചരിത്രങ്ങൾ ഇതിനു നിദാനമായി കാണിക്കാൻ സാധിക്കും. എന്നാൽ പാഠം പഠിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ട ഈ പ്രകൃതിയിൽ നിന്നും അമ്പേ ബന്ധവിച്ഛേദനം നടത്തിയ രീതിയിലാണ് ഇന്നത്തെ സമൂഹത്തിന്റെ ചലനം. മാനവ ചരിത്രത്തിൽ ഇതൊരു പുതുമയാണ്.. ഇതിനു മുന്പ് മറ്റൊരു സമൂഹവും പ്രകൃതിയിൽ നിന്നും ഇത്രയും വിദൂരമായി പോയിട്ടില്ല. ഭക്ഷണത്തിലോ ദാഹജലത്തിലോ ആരോഗ്യ ചികിത്സരംഗത്തോ കാർഷിക വ്യവസായിക ഗതാഗത രംഗത്തോ നാം ഇപ്പോൾ നേരിട്ടു പ്രകൃതിയുമായി ഇടപെടുന്നില്ല. അതിനാൽ തന്നെ ചേതനയുടെ ലോകം നമുക്കു അപരിചിതമായി മാറി. അവയുടെ ജീവിത രഹസ്യങ്ങൾ നമുക്ക് ഒരിക്കലും ലഭിക്കാതെയായി. സൃഷ്ടിവൈഭവം അറിയാത്തതു കൊണ്ടു സൃഷ്ടാവിനെ മറന്നു.അവിശ്വാസവും നിരീശ്വരവാദവും അജ്ഞർക്കിടയിൽ വളർന്നു.

ജീവലോകത്തെ കൗതുകങ്ങൾ ഇങ്ങനെ നമ്മിൽ നിന്നും വിടപറയും നേരത്താണ് സാഹിദ് പയ്യന്നൂരിന്റെ ഈ പുസ്തകം പോലുള്ള ഉദ്യമങ്ങളുടെ പ്രസക്തി. ചെറുതെങ്കിലും വിജ്ഞാനകുതുകികളായ വായനക്കാരനെ വളരെ രസിപ്പിച്ചും ചിന്തിപ്പിച്ചും പിടിച്ചിരുത്തി കളയുന്നതാണീ ഗ്രന്ഥം.ഉറുമ്പിന്റെ ജീവിത രീതികൾ, പലതരം വർഗ്ഗങ്ങൾ, റാണി,വേലക്കാർ, മറ്റു അംഗങ്ങൾ,ഒരു ഉറുമ്പ് കോളനിയുടെ തുടക്കം, സമരങ്ങൾ സമരസപ്പെടലുകൾ അങ്ങനെ പലതും രസകരമായി ഇതിൽ എഴുതപ്പെട്ടിട്ടുണ്ട്.കോളനിയുടെ വലിപ്പവും സൗകര്യവും എയർകണ്ടീഷൻ ചെയ്ത റൂമുകളും തുടങ്ങി നിർമ്മാണരംഗത്തെ ഉറുമ്പിൻ വൈദഗ്ദ്ധ്യം വായിച്ചറിയേണ്ടത് തന്നെയാണ്. ഒരു അദ്ധ്യായത്തിൽ പണിയൊന്നും ചെയ്യാതെ ഒരു മൂലക്കു കൂട്ടം കൂടി സൊറ പറഞ്ഞു നിൽക്കുന്ന ഉറുമ്പ് പണിക്കാരെ കുറിച്ചു വായിച്ച ഞാൻ നമ്മുടെ നാട്ടിലെ ചില പണിക്കാരുടെ കാര്യം തന്നെയല്ലേ ഇതു എന്നോർത്തു ചിരിച്ചുപോയി.. ഈ സൊറ പറയലിന്റെ രഹസ്യം സയന്റിസ്റ്റുകൾക്കു ഇതു വരെ കിട്ടിയിട്ടില്ലത്രേ. എന്താണ് കാരണം എന്ന് ചോദിച്ചാൽ ഞാൻ പറയും കേരളത്തിലെ പണിക്കാരെ സായിപ്പന്മാർ കാണാത്തത് കൊണ്ടാണെന്നു. അങ്ങനെ നമ്മുടെ സമൂഹവുമായി താദാത്മ്യം പുലർത്തുന്ന ഒരുപാട് സ്വഭാവങ്ങൾ ഈ പുസ്തകത്തിൽ വായനക്കാർക്ക് വായിച്ചെടുക്കാം. അതിന്റെ ചിന്തയിൽ മേഞ്ഞു നടക്കാം..

നാം പശുവിനെ വളർത്താറില്ലേ, അതു പോലെ ഉറുമ്പും ചെ

യ്യാറുണ്ട് എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ..? ഇല്ലല്ലേ..!!! എന്നാലങ്ങനെ ഉണ്ട്.!!! അതു മാത്രമോ,യുദ്ധം ചെയ്തു ഒരു ഉറുമ്പ് ഗോത്രം മറ്റൊരു ഉറുമ്പ് ഗോത്രത്തെ കീഴടക്കിയാൽ അതിലെ കുഞ്ഞ ന്മാരെ ജേതാക്കളായ ഉറുമ്പുകൾ പണിയെടുപ്പിക്കാൻ വേണ്ടി അ ടിമകളാക്കി കൊണ്ടുപോകാറുണ്ട്. പിന്നെയോ, കല്യാണം കഴിഞ്ഞു മധുവിധു കൂടി മരിച്ചു പോകുന്ന ഉറുമ്പിൻ മണവാളരുണ്ട്. മുട്ടയിടാൻ സ്വന്തം വീടുപേക്ഷിച്ചു പുതിയ ഇടംതേടി പാറിപോകുന്ന അമ്മ റാ ണിമാരുണ്ട്.

അങ്ങനെ അങ്ങനെ നമ്മെ അത്ഭുതപ്പെടുത്തുന്ന എത്രയോ കാര്യങ്ങൾ അടങ്ങിയ ചെറുപുസ്തകമാണെന്നോ ഇതു..!!!കൂടുതൽ പറഞ്ഞാൽ പിന്നെ വായിക്കാൻ വല്ലതും ബാക്കി വേണ്ടേ കൂട്ടുകാരേ,അതിനാൽ ഞാൻ നിറുത്തട്ടേ?

ആ... അവസാനമായി ഒരു ചോദ്യം,

'ഒരു പണിയും എടുക്കാതെ നാലു നേരം വെട്ടിവിഴുങ്ങിയാൽ ഉറുമ്പു കൾ തടി വക്കുമോ?'

അറിയില്ലല്ലേ, അതൊക്കെ അറിയാനല്ലേ ഈ കുഞ്ഞു പുസ്തകം..

അപ്പോൾ പിന്നെ വായന നടക്കട്ടെ.

**ഹാരിസ് അസ്ഹരി പുളിങ്ങോം**